## മധുരമായ കുട്ടികളെ, നിങ്ങൾ ആത്മാക്കൾക്ക് അവരവരുടേതായ രഥമുണ്ട്, ഞാൻ നിരാകാരനാണ്, എനിക്കും കൽപത്തിൽ ഒരേഒരു പ്രാവശ്യം രഥം വേണം, ഞാൻ ബ്രഹ്മാവിന്റെ അനുഭവിയായ വൃദ്ധരഥത്തെ കടമെടുക്കുന്നു.

**ചോദ്യം** – ഏത് നിശ്ചയത്തിന്റെ ആധാരത്തിലാണ് ശരീരബോധം മറക്കുക അതിസഹജമാകുന്നത്?
**ഉത്തരം** – നിങ്ങൾ കുട്ടികൾ നിശ്ചയത്തോടെ പറയണം – ബാബാ ഞങ്ങൾ അങ്ങയുടേതായി മാറി, ബാബയുടേതായി മാറുക അർത്ഥം ശരീരബോധത്തെ മറക്കുക. എങ്ങനെയാണോ ശിവബാബ ഈ രഥത്തിലേക്ക് വരുന്നത്, പോകുന്നത്, അതേപോലെ നിങ്ങൾ കുട്ടികളും അഭ്യാസം ചെയ്യൂ, ഈ രഥത്തിലേക്ക് വരാനും പോകാനും. അശരീരിയായി മാറാനുള്ള അഭ്യാസം ചെയ്യൂ. ഇതിൽ പ്രയാസത്തിന്റെ അനുഭവം ഉണ്ടാകരുത്. സ്വയം അശരീരി ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ.

**ഗീതം** – ഓം നമ:ശിവായ..

**ഓം ശാന്തി**. ശിവബാബ കുട്ടികൾക്ക് ഈ ബ്രഹ്മാവിന്റെ രഥത്തിലൂടെ മനസ്സിലാക്കിത്തരികയാണ്. കാരണം ബാബ കുട്ടികളോടു തന്നെയാണ് പറയുന്നത് എനിക്ക് എന്റേതായ രഥമില്ല. എനിക്ക് രഥം തീർച്ചയായും വേണം. നിങ്ങൾ ഓരോ ആത്മാവിനും തന്റേതായ രഥം ഉണ്ടല്ലോ. ബ്രഹ്മാ, വിഷ്ണു, ശങ്കർ ഇവരും സൂക്ഷ്മശരീരധാരിയല്ലേ. ഈ ലക്ഷ്മീനാരായണനും അതുപോലെ എല്ലാ ആത്മാക്കൾക്കും ശരീരമാകുന്ന രഥം തീർച്ചയായും ഉണ്ട്, ഇതിനെ അശ്വം എന്നു കൂടെ പറയും. മനുഷ്യരല്ലേ. മനുഷ്യർക്കാണ് ഈ കാര്യം മനസ്സിലാക്കിത്തരുന്നത്, മൃഗങ്ങളുടെ കാര്യം മൃഗങ്ങൾക്കേ അറിയൂ. ഇവിടെ മനുഷ്യസൃഷ്ടിയാണ്. ബാബയും മനുഷ്യർക്കാണ് മനസ്സിലാക്കിത്തരുന്നത്. മനുഷ്യാത്മാക്കൾക്ക് ഇരുത്തി മനസ്സിലാക്കിത്തരുന്നു. നേരെ ചോദിക്കുകയാണ്, നിങ്ങൾ ഓരോരുത്തർക്കും തന്റേതായ ശരീരമില്ലേ? ഓരോ ആത്മാവും ശരീരം എടുക്കുന്നു, ഉപേക്ഷിക്കുന്നു. മനുഷ്യർ പറയാറുണ്ട് ആത്മാവിന് 84 ലക്ഷം ജന്മങ്ങളുണ്ടെന്ന്. ഇത് ഒരു തെറ്റാണ്. നിങ്ങൾ കേവലം 84 ജന്മങ്ങളാണ് എടുത്തത്. അപ്പോഴേക്കും തന്നെ ക്ഷീണിതരായി, എത്ര പ്രയാസപ്പെട്ടു. 84 ലക്ഷം ജന്മത്തിന്റെ കാര്യമേയില്ല. ഇതാണ് മനുഷ്യരുടെ വാചകമടി. ബാബ മനസ്സിലാക്കിത്തരികയാണ് നിങ്ങൾ ആത്മാക്കൾക്ക് തന്റേതായ രഥമാണുള്ളത്. എനിക്കും രഥം വേണം. ഞാൻ നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനാണ്. പാടാറില്ലേ പതീതപാവനൻ, ജ്ഞാനത്തിന്റെ സാഗരൻ... നിങ്ങൾക്ക് വേറെ ആരെയും പതീതപാവനൻ എന്ന് പറയാൻ പറ്റില്ല. ലക്ഷ്മീനാരായണനെപ്പോലും പറയാൻ പറ്റില്ല. പതീതസൃഷ്ടിയെ പാവനമാക്കി മാറ്റുന്നത്, അതായത് പാവനസൃഷ്ടിയുടെ രചയിതാവ്, ഇത് പരംപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും സാധിക്കില്ല. സുപ്രീം ഫാദർ ബാബക്കറിയാം നിങ്ങൾ നമ്പർവാർ കല്ലുബുദ്ധിയിൽനിന്നും പവിഴബുദ്ധിയായി മാറിക്കൊണ്ടിരിക്കുകയാണ്. പുറത്തുള്ള മനുഷ്യർക്ക് ഇതറിയില്ല. ബാബ മനസ്സിലാക്കിത്തരികയാണ് എനിക്ക് തീർച്ചയായും രഥം വേണം. എനിക്ക് പതീതപാവനന് തീർച്ചയായും പതീത ലോകത്തിലേക്ക് വരേണ്ടതുണ്ട്. പ്ലേഗ് രോഗമുണ്ടെങ്കിൽ ഡോക്ടർക്ക് രോഗികളുടെ അടുക്കലേക്ക് തീർച്ചയായും വരണം. ബാബ പറയുന്നു നിങ്ങളിൽ 5 വികാരങ്ങളുടെ രോഗം 2500 വർഷത്തിന്റേതുണ്ട്. മനുഷ്യർ ദു:ഖം തരുന്നവരാണ്. ഈ 5 വികാരങ്ങളിലൂടെ നിങ്ങൾ വളരെയധികം പതീതമായി മാറിയിരിക്കുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് എനിക്ക് പതീതമായ ലോകത്തിലേക്ക് വരണം. പതീതരെയാണ് ഭ്രഷ്ടാചാരികളെന്ന് പറയുന്നത്, പാവനമായവരെ ശ്രേഷ്ഠാചാരികളെന്ന് പറയും. നിങ്ങളുടെ ഭാരതം പാവനശ്രേഷ്ഠാചാരികളുടേതായിരുന്നു, ലക്ഷ്മീനാരായണന്റേതായിരുന്നു. ആരുടെ മഹിമയാണോ പാടുന്നത്, സർവ്വഗുണസമ്പന്നർ... അവരെല്ലാം സുഖികളായിരുന്നു. ഇത് ഇന്നലത്തെ കാര്യമാണ്. ബാബ പറയുകയാണ് ഞാൻ വരുന്നു എങ്ങനെ വരുന്നു, ആരുടെ ശരീത്തിലേക്കാണ് വരുന്നത്? ആദ്യം എനിക്ക് പ്രജാപിതാവു വേണം. സൂക്ഷ്മവതനവാസിയെ എനിക്കെങ്ങനെ ഇവിടേക്ക് കൊണ്ടുവരാൻ സാധിക്കും? അവർ ഫരിസ്തയല്ലേ. അവരെ പതീതമായ ലോകത്തിലേക്ക് കൊണ്ടുവരുന്നത് – കുറ്റമാണ്. ചോദിക്കും , ഞാൻ എന്ത് കുറ്റമാണ് ചെയ്തത് എന്ന്. ബാബ രസകരമായ കാര്യങ്ങൾ മനസ്സിലാക്കിത്തരികയാണ്. മനസ്സിലാക്കുന്നത് അവരാണ് ആരാണോ ബാബയുടേതാകുന്നത്. അവർ ഇടക്കിടക്ക് ബാബയെ ഓർമ്മിച്ചുകൊണ്ടേയിരിക്കും.

ബാബ പറയുകയാണ്, ഞാൻ വരുന്നത് ഭൂമിയിൽ പാപം വർദ്ധിക്കുമ്പോഴാണ്. കലിയുഗത്തിലെ മനുഷ്യർ എത്ര പാപങ്ങൾ ചെയ്യുന്നു. ബാബ ചോദിക്കുകയാണ്, പറയൂ ഞാൻ ഏത് ശരീരത്തിലേക്കാണ് വരിക? എനിക്കുവേണ്ടതും തീർച്ചയായും വൃദ്ധനായ അനുഭവി രഥമാണ്. ഞാൻ ആരുടെ ശരീരമാണോ

എടുത്തത് അവർക്ക് ഒരുപാടു ഗുരുവുണ്ടായിരുന്നു. ശാസ്ത്രങ്ങളെല്ലാം പഠിച്ചിട്ടുണ്ടായിരുന്നു. എഴുതപ്പെട്ടിട്ടുണ്ടല്ലോ വളരെയധികം പഠിച്ചിട്ടുണ്ടായിരുന്നു. അർജ്ജുനന്റെ കാര്യമല്ല. എനിക്ക് അർജ്ജുനന്റേയോ കൃഷ്ണന്റേയോ രഥം വേണ്ട. എനിക്കുവേണ്ടത് ബ്രഹ്മാവിന്റെ രഥമാണ്. അതാണ് പ്രജാപിതാ. കൃഷ്ണനെ ഒരിക്കലും പ്രജാപിതാ എന്ന് പറയില്ല. ബാബക്ക് ബ്രഹ്മാവിന്റെ രഥം വേണം. ഇതിലൂടെയാണ് ബ്രാഹ്മണരാകുന്ന പ്രജകൾ രചിക്കപ്പെടുന്നത്. ബ്രാഹ്മണന്റേത് സർവ്വോത്തമകുലമാണ്. വിരാടരൂപം കാണിക്കുന്നില്ലേ? ദേവത, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ ഇവരെല്ലാമുണ്ട് ബാക്കി ബ്രാഹ്മണർ എവിടെപ്പോയി? ഇതാർക്കും അറിയില്ല. ഉയർന്നതിലും ഉയർന്നത് ബ്രാഹ്മണരാണ്. ബ്രാഹ്മണർക്കാണ് കുടുമ. അപ്പോഴാണ് മനസ്സിലാക്കാൻ സാധിക്കുക ഇത് ബ്രാഹ്മണനാണെന്ന്. സത്യം സത്യമായ കുടുമ നിങ്ങൾക്കാണ്. നിങ്ങൾ രാജഋഷിയാണ്, വളരെ ഉയർന്നവരാണ്. ഋഷി എന്ന് അവരെയാണ് പറയുക, ആരാണോ പവിത്രമായിരിക്കുന്നത്. നിങ്ങളാണ് രാജഋഷി. രാജയോഗി രാജപദവിക്കുവേണ്ടി തപസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. അവർ മുക്തിക്കുവേണ്ടി ഹഠയോഗത്തിന്റെ തപസ്സ് ചെയ്യുന്നു, നിങ്ങൾ ജീവന്മുക്തി രാജ്യപദവിക്കുവേണ്ടി രാജയോഗത്തിന്റെ തപസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ പേരാണ് ശിവശക്തി. നിങ്ങൾ വീണ്ടും ഭാരതത്തിൽ ജന്മമെടുക്കുന്നു. ജന്മമെടുത്തതല്ലേ? ചിലർ ജന്മം എടുത്തിട്ടുണ്ട് പക്ഷേ മനസ്സിലാക്കുന്നില്ല ഞങ്ങൾ ശിവബാബയുടേതായി മാറി, ബാബയുടെ അടുക്കൽ ജന്മം എടുത്തവരാണ് എന്ന്. ഇങ്ങനെ മനസ്സിലാക്കണം എങ്കിൽ ശരീരബോധം പൂർണ്ണമായും ഇല്ലാതാക്കണം. എങ്ങിനെയാണോ ശിവബാബ നിരാകാരൻ ഈ രഥത്തിൽ, നിങ്ങളും സ്വയം നിരാകാരനായ ആത്മാവാണെന്ന് മനസ്സിലാക്കണം. ബാബ പറയുകയാണ് – കുട്ടികളെ, എന്നെ മാത്രം ഓർമ്മിക്കൂ. ഇപ്പോൾ തിരിച്ചുപോകണം. നിങ്ങൾ ആദ്യം അശരീരിയായിരുന്നു. പിന്നീട് ദേവീദേവതാകുലത്തിൽ ജന്മമെടുത്തു, പിന്നീട് ക്ഷത്രിയനായി മാറി, പിന്നീട് വൈശ്യനായി, പിന്നീട് ശൂദ്രനായി. ഇപ്പോൾ വീണ്ടും നിങ്ങൾ അശരീരിയായി മാറൂ. നിങ്ങൾ എന്നെത്തന്നെയാണ് നിരാകാരനെന്ന് പറയുന്നത് – ബാബാ ഞങ്ങൾ അങ്ങയുടേതായി മാറി, ഞങ്ങൾക്ക് തിരിച്ചുപോകണം ദേഹത്തെയും കൊണ്ട് പോകാൻ പറ്റില്ല. അല്ലയോ ആത്മാക്കളേ, ഇപ്പോൾ അച്ഛനായ എന്നെയും മധുരമായ വീടിനേയും ഓർമ്മിക്കൂ. മനുഷ്യർ വിദേശത്തുനിന്നും തിരിച്ചുവരുമ്പോൾ പറയും – തന്റെ മധുര വീടായ ഭാരതത്തിലേക്ക് പോകുകയാണെന്ന്. എവിടെ ജന്മമെടുത്തോ അവിടേക്കുതന്നെ തിരിക്കണം. മനുഷ്യൻ മരിച്ചാൽ എവിടെ ജന്മമെടുത്തു അവിടത്തേക്ക് ശരീരത്തെ കൊണ്ടുപോകുന്നു. ഭാരതത്തിന്റെ മണ്ണുകൊണ്ടുണ്ടാക്കിയത് അതേ ഭാരതമണ്ണിൽത്തന്നെ ഉപേക്ഷിക്കണം എന്ന് മനസ്സിലാക്കുന്നു.

ബാബ പറയുകയാണ് എന്റെ ജന്മവും ഭാരതത്തിലാണ്. ശിവജയന്തിയും ആഘോഷിക്കുന്നുണ്ടല്ലോ. എനിക്ക് പേര് അനവധി വെച്ചിട്ടുണ്ട്. പറയാറുണ്ട് ഹരഹരമഹാദേവാ.. എല്ലാവരുടേയും ദു:ഖത്തെ ഇല്ലാതാക്കുന്നവൻ. അത് ഞാനാണ്, ശങ്കർ അല്ല. ബ്രഹ്മാവ് സർവ്വീസിൽ ഹാജരാണ്. ആരാണോ സ്ഥാപന ചെയ്യുന്നത് അവർ തന്നെ വിഷ്ണുവിന്റെ രണ്ടുരൂപത്തിൽ പാലന ചെയ്യും. എനിക്ക് പ്രജാപിതാ ബ്രഹ്മാവ് തീർച്ചയായും വേണം. ആദിദേവന്റെ ക്ഷേത്രമുണ്ടല്ലോ. ആദിദേവൻ ആരുടെ കുട്ടിയാണ്? ആരെങ്കിലും പറയുമോ? ഈ ദിൽവാഡാ ക്ഷേത്രത്തിന്റെ ട്രസ്റ്റികൾ ആയിരിക്കുന്നവർക്കുപോലും അറിയുന്നില്ല ആദിദേവൻ ആരാണ്? ആദിദേവന്റെ പിതാവ് ആരായിരുന്നു? ആദിദേവൻ പ്രജാപിതാ ബ്രഹ്മാവാണ്, ബ്രഹ്മാവിന്റെ പിതാവ് ശിവനാണ്. ഇപ്പോൾ ആരുടെ ക്ഷേത്രമാണോ അവരുടെ കർത്തവ്യം അറിയാതെ ട്രസ്റ്റിയായി മാറുന്നു. ജഗത്പിതാവിന്റേയും ജഗദംബയുടേയും സ്മാരകമാണ് ഈ ക്ഷേത്രം. ഈ ബ്രഹ്മാവിന്റെ രഥത്തിലേക്ക് വന്ന് ജ്ഞാനം കേൾപ്പിക്കുകയാണ്. ചെറിയ മുറികളിൽ എല്ലാ കുട്ടികളും ഇരിക്കുന്നു. എല്ലാവരുടേയും ക്ഷേത്രം ഉണ്ടാക്കുന്നില്ല. മുഖ്യമായും 108 ന്റെ മാല, 108 ശ്രീകോവിലുകൾ ഉണ്ടാക്കിവച്ചു. 108 പേരെ പൂജിക്കുന്നു. മുഖ്യമായതാണ് ശിവബാബ. പിന്നീട് ബ്രഹ്മാ-സരസ്വതി ജോഡി. ശിവബാബ ലോക്കറ്റാണ്. ബാബക്ക് തന്റേതായ ശരീരമില്ല. ബ്രഹ്മാ-സരസ്വതിക്ക് തന്റെ ശരീരമുണ്ട്. മാല ശരീരധാരികളുടേതാണ് ഉണ്ടാക്കിയിരിക്കുന്നത്. എല്ലാവരും മാലയെ പൂജിക്കുന്നു. പൂജ പൂർത്തിയാക്കി പിന്നീട് ശിവബാബയെ നമസ്കരിക്കും. ശിരസ്സ് കുനിക്കും. കാരണം ബാബയാണ് ഈ എല്ലാവരേയും പതീത്തിൽ നിന്ന് പാവനമാക്കി മാറ്റുന്നത്. അതുകൊണ്ടാണ് പൂജിക്കുന്നത്. മാല കയ്യിലെടുത്ത് രാമ രാമ എന്ന് പറയുന്നു. പരംപിതാപരമാത്മാവിന്റെ പേര് ആർക്കും അറിയുന്നില്ല. ശിവബാബയാണ് മുഖ്യം പിന്നീട് പ്രജാപിതാബ്രഹ്മാവും സരസ്വതിയും മുഖ്യമാണ്. ബാക്കി ബ്രഹ്മാകുമാരന്മാരും കുമാരിമാരും ആരാരെല്ലാം പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നുവോ അവർക്കും പേരുണ്ടാകും. മുന്നോട്ടുപോകുമ്പോൾ നിങ്ങൾ എല്ലാം കാണും. ആര് പക്കാ യോഗികളാണോ അവർക്കേ ഇവിടെയിരിക്കാൻ സാധിക്കൂ. ഭോഗികൾ കുറച്ച് കേൾക്കുമ്പോൾ തന്നെ മതിയാക്കും. ചിലർ ഓപ്പറേഷൻ കാണുമ്പോൾ തന്നെ ബോധരഹിതരാകാറുണ്ട്. അന്ന് വിഭജനത്തിൽ എത്ര പേർ മരിച്ചു. നമ്മൾ യുദ്ധം ചെയ്യാതെ രാജ്യം ഏറ്റെടുക്കും. ഇത് തന്നെയാണ് അസത്യമായ മായാലോകം... ഇപ്പോൾ സത്യമായ ബാബ നിങ്ങൾക്ക് സത്യം കേൾപ്പിക്കുക

യാണ്. ബാബ പറയുന്നു എനിക്കു രഥം തീർച്ചയായും വേണം. ഞാൻ സാജൻ വലിയ ആളാണ്, അതിനാൽ എനിക്ക് സജിനിയും വലിയ ആൾ തന്നെ വേണം. സരസ്വതിയും ബ്രഹ്മാമുഖവംശാവലിയാണ്. സരസ്വതി ബ്രഹ്മാവിന്റെ ജോഡിയല്ല, ബ്രഹ്മാവിന്റെ പുത്രിയാണ്. എന്തുകൊണ്ടാണ് സരസ്വതിയെ ജഗദംബയെന്ന് പറയുന്നത്? കാരണം ബ്രഹ്മാവ് പുരുഷനല്ലേ, മാതാക്കളെ സംരക്ഷിക്കുന്നതിനുവേണ്ടി സരസ്വതിയെ വെച്ചിരിക്കുന്നു. ബ്രഹ്മാവിന്റെ മുഖവംശാവലി സരസ്വതി ബ്രഹ്മാവിന്റെ പുത്രിയായി മാറി. മമ്മ യുവതി യാണ്, ബ്രഹ്മാവ് വൃദ്ധനാണ്. സരസ്വതിയാകുന്ന യുവതിക്ക് ബ്രഹ്മാവിന്റെ ഭാര്യയാകുന്നതിൽ ശോഭിക്കി ല്ല. ഹാഫ് പാർട്ണർ എന്ന് പറയാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ബാബ പറയുന്നു എനിക്കും ഈ ബ്രഹ്മാവിന്റെ ശരീരത്തെ കടം ആയിട്ടെടുക്കണം. കടം പലരും എടുക്കാറുണ്ട്. ബ്രാഹ്മ ണരെ കഴിപ്പിക്കാറുണ്ട് അപ്പോൾ ആ ആത്മാക്കൾ വന്ന് ബ്രാഹ്മണന്റെ ശരീരത്തെ ആധാരമായിട്ടെടു ക്കും. ആത്മാവ് ആ ശരീരം ഉപേക്ഷിച്ച് വരികയാണോ? ഇത് ആദ്യമേ മനസ്സിലാക്കിത്തന്നിട്ടുണ്ട്, അതാ യത് ഡ്രാമയിൽ സാക്ഷാത്കാരത്തിന്റെ രീതി മുമ്പേ നിശ്ചയിക്കപ്പെട്ടതാണ്. ഇവിടെയും വിളിപ്പിക്കുന്നു. ആത്മാവ് ശരീരം ഉപേക്ഷിച്ച് വരികയൊന്നുമല്ല. അല്ല, ഇത് ഡ്രാമയിൽ നിശ്ചയിക്കപ്പെട്ടതാണ്. ബാബക്ക് ഈ രഥം നന്ദീഗണമാണ്. അല്ലായെങ്കിൽ ശിവക്ഷേത്രത്തിൽ എന്തുകൊണ്ടാണ് കാളയെ കാണിച്ചിരിക്കു ന്നത്? സൂക്ഷ്മവതനത്തിൽ ശങ്കരനോടൊപ്പം കാള എവിടെനിന്നു വന്നു? ബ്രഹ്മാ വിഷ്ണു ശങ്കർ അവർക്കെല്ലാം ജോഡി കാണിക്കുന്നുണ്ട്. അതായത് പ്രവർത്തിമാർഗ്ഗമാണ് കാണിക്കുന്നത്. മൃഗം എവി ടെനിന്ന് വരാനാണ്? മനുഷ്യരുടെ ബുദ്ധി പ്രവർത്തിക്കുന്നില്ല. എന്തു തോന്നുന്നുവോ അത് പറയും. ഇതി ലൂടെ സമയം വ്യർത്ഥം, ഊർജ്ജം വ്യർത്ഥം.

നിങ്ങൾ പറയുന്നു ഞങ്ങൾ തന്നെയായിരുന്നു പാവനദേവത. പിന്നീട് പുനർജ്ജന്മം എടുത്തെടുത്ത് ഞങ്ങൾ പതീതപൂജാരിയായി മാറി. താങ്കൾ തന്നെയാണ് പൂജ്യനും, താങ്കൾ തന്നെയാണ് പൂജാരിയും. പൂജ്യനും പൂജാരിയും ഭഗവാനായി മാറുന്നില്ല. ഭഗവാൻ 84 ജന്മം എടുക്കുന്നില്ല. മായ മനുഷ്യരുടെ ബുദ്ധിയെ കല്ലു ബുദ്ധിയാക്കി മാറ്റി. ഞങ്ങൾതന്നെ ആയിരുന്നു എന്നതിനർത്ഥം ആത്മാവും പരമാത്മാവും ഒന്നാണ് എന്ന തല്ല. നാം തന്നെ ബ്രാഹ്മണൻ, പിന്നീട് നാം തന്നെ ദേവതയായി മാറി പുനർജ്ജന്മം എടുത്തുകൊണ്ടേയി രിക്കും. എത്ര നല്ലകാര്യമാണ് മനസ്സിലാക്കിത്തരുന്നത്. ബാബ പറയുന്നു ഞാൻ ആരുടെ ശരീരത്തിലേ ക്കാണോ പ്രവേശിക്കുന്നത്, ആ ആൾക്കും ഗുരുക്കന്മാരുണ്ടായിരുന്നു, ശാസ്ത്രങ്ങൾ പഠിച്ചിരുന്നു. 84 ജന്മങ്ങൾ പൂർത്തിയാക്കി. ഈ ബ്രഹ്മാവിനും അറിയുന്നില്ല ഞാൻ ഇദ്ദേഹത്തിനും നിങ്ങൾക്കും പറഞ്ഞു തരുന്നു. ബ്രഹ്മാവിനും പറഞ്ഞുകൊടുക്കുന്നുണ്ട്. സദാ ഞാൻ ഈ രഥത്തിൽ സവാരി ചെയ്യുന്നില്ല. ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണർക്കാണ് പറഞ്ഞുതരുന്നത്. എനിക്കും രഥം വേണ്ടേ. നിങ്ങൾ കുട്ടികൾ എന്നെ എപ്പോൾ ഓർമ്മിക്കുന്നുവോ ഞാൻ അപ്പോൾ വരുന്നു. എനിക്കും സർവ്വീസ് ചെയ്യണം. ശ്രീ ശ്രീ ശിവന്റെ മതത്തിലൂടെയാണ് ഭാരതം പാവനമായി മാറുന്നത്. നരകവാസികൾക്ക് ശ്രീ ശ്രീ എന്ന ടൈറ്റിൽ കൊടുക്കുന്നത് തെറ്റാണ്. മുമ്പ് ശ്രീ എന്ന പേര് ഉണ്ടായിരുന്നില്ല. ഇപ്പോൾ നിങ്ങളെ ബാബ ശ്രീ അഥവാ ശ്രേഷ്ഠരാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ശ്രീ ശ്രീ ശിവബാബയാണ്. പിന്നീട് സൂക്ഷ്മവതനവാസി ബ്രഹ്മാ വിഷ്ണു ശങ്കർ. പിന്നെ ലക്ഷ്മീനാരായണൻ. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ഈ നോളേജ് വളരെ ആനന്ദത്തിന്റേതാണ്. പക്ഷേ ചിലർ പഠിച്ചു പഠിച്ച് കറങ്ങിവീഴും. മായ കൈ വിടുവിക്കും. കടക്കാരും നമ്പർവാറാണല്ലോ. വലിയ കടയിൽ നല്ല നല്ല സെയിൽസ് മാൻ ഉണ്ടാകും, ചെറിയ കടയിൽ സാധാരണ ക്കാരായിരിക്കും. മഹാരഥികളുള്ള വലിയ കടയിൽ പോകണം. മാതാക്കൾക്ക് സമയം ധാരാളം ഉണ്ടായി രിക്കും. പുരുഷന്മാർ ജോലിക്കാര്യങ്ങളിൽ ബിസി ആയിരിക്കും. മാതാക്കൾ ഫ്രീയാണ്. ഭക്ഷണം പാചകം ചെയ്യണം, ഇത്രേയുള്ളു. നിങ്ങളിലും ബന്ധനങ്ങളുണ്ടാക്കുന്നവരുണ്ട്. ബ്രഹ്മാകുമാരിമാരുടെ അടുക്കൽ പോയാൽ വിഷം നിർത്തേണ്ടിവരും,എന്ന് കേൾക്കുന്നതിനാൽ അവർ തടസ്സപ്പെടുത്തും.

ശിവബാബ അങ്ങിനെയുള്ള വഴുതിപ്പോകുന്ന വസ്തുവാണ്, ഇടക്കിടക്ക് മറന്നുപോകുന്നു. ബാബ വളരെ സഹജമായ വഴി കേൾപ്പിക്കുകയാണ്, എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ എല്ലാ പാപങ്ങളും ഭസ്മമാ കും എന്റെ അടുത്ത് എത്തിച്ചേരുകയും ചെയ്യും. ഓർമ്മിക്കുന്നില്ലായെങ്കിൽ പാപം ഭസ്മമാകില്ല, കൂടെ പോകാനും പറ്റില്ല. ശിക്ഷകൾ അനുഭവിക്കേണ്ടതായിവരും. ഭക്തിമാർഗ്ഗത്തിൽ മോര് കുടിച്ചുകൊണ്ട് വന്നു. വെണ്ണയാണെങ്കിൽ സത്യ-ത്രേതായുഗങ്ങളിൽ കഴിച്ച് തീർത്തു. ബാക്കി പിന്നേക്ക് മോരു മാത്രം അവ ശേഷിക്കുന്നു. മോരും ആദ്യം നല്ലതായി ലഭിക്കും, പിന്നീട് വെള്ളമാണ് കിട്ടുക. സത്യത്രേതായുഗത്തിൽ

പാലിന്റെ നദി ഒഴുകും. ഇപ്പോൾ നെയ്യിന് എത്ര വിലക്കൂടുതലാണ്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. രാജഋഷിയായി മാറി തപസ്സ് ചെയ്യണം. പൂജ്യനീയ മാലയിലേക്കു വരുന്നതിനുവേണ്ടി ബാബക്കു സമാനം സർവ്വീസ് ചെയ്യണം. പക്കാ യോഗിയായി മാറണം.

2. ജ്ഞാനം വളരെ ആനന്ദത്തിന്റേതാണ് അതുകൊണ്ട് ആസ്വദിച്ച് പഠിക്കണം. ആശയക്കുഴപ്പത്തിൽ വരരുത്.

## വരദാനം:- വൈവിദ്ധ്യമാർന്ന അനുഭൂതികളിലൂടെ സദാ ഉന്മേഷ-ഉത്സാഹത്താൽ നിറഞ്ഞിരിക്കുന്ന വിഘ്നങ്ങളെ ജയിച്ചവരായി ഭവിക്കട്ടെ.

ദിവസവും അമൃതവേളയിൽ മുഴുവൻ ദിവസത്തേക്കും വേണ്ടി വൈവിദ്ധ്യമായ ഉന്മേഷ-ഉത്സാഹത്തിന്റെ പോയന്റുകൾ കുറിച്ചുവെക്കൂ, ആ വൈവിദ്ധ്യമായ പോയന്റുകൾ ഉന്മേഷ-ഉത്സാഹം വർദ്ധിപ്പിക്കും. മനുഷ്യാത്മാക്കളുടെ സ്വഭാവമാണ്, അവർ വൈവിദ്ധ്യത ഇഷ്ടപ്പെടുന്നു, അതിനാൽ ഒന്നുകിൽ ജ്ഞാനത്തിന്റെ പോയന്റുകൾ മനനം ചെയ്യൂ അല്ലെങ്കിൽ ആത്മീയ സംഭാഷണം നടത്തൂ, വൈവിദ്ധ്യമായ രീതിയിൽ സീറോ ആയി തന്റെ ഹീറോ പാർട്ടിന്റെ സ്മൃതിയിലിരിക്കൂ, എങ്കിൽ ഉന്മേഷ-ഉത്സാഹത്താൽ നിറഞ്ഞിരിക്കും, മാത്രമല്ല എല്ലാ വിഘ്നങ്ങളും സമാപ്തമാകുകയും ചെയ്യും.

## സ്ലോഗൻ:- തന്റെ അവസ്ഥ അത്രയും ശാന്ത-ചിത്തമാക്കി വെക്കൂ അതിലൂടെ ക്രോധത്തിന്റെ ഭൂതം ദൂരെ നിന്ന് തന്നെ ഓടിപ്പോകട്ടെ.